ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ

75 (3716) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പുതിയ അദ്ധ്യയന വർഷത്തിൽ ഇവയുടെ എത്ര ഒഴിവുകൾ ഉണ്ടാവും ;

(സി) ഒഴിവുകൾ നിലവിലുള്ളതും, ഉണ്ടാകാനിടയുള്ളതുമായ സ്കൂളുകൾ ഏതെല്ലാമാണ് ;

(ഡി) പ്രസ്തുത ഓരോ സ്കൂളുകളിലുമുള്ള ഒഴിവുകളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ഇ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, മലപ്പുറം ജില്ലകളിലേക്ക് ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് വിഭാഗത്തിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആരുടെ എല്ലാം ;

(എഫ്) ഇവയിൽ എത്രയെണ്ണം അനുവദിച്ചു ; അനുവദിച്ച അപേക്ഷകൾ ആരുടേതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തിയ പണികൾ

76 (3717) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് എത്ര വർക്കുകൾ നേരിട്ട് പണി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർക്കുകൾ ഏതെല്ലാമെന്നും ഓരോ വർക്കിനും എത്ര രൂപ വീതം ചെലവ് ചെയ്തുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഈ വർക്കുകൾ പൊതുമരാമത്ത് ഉദ്യോഗസ്ഥർ നേരിട്ട് നടത്തുകയായിരുന്നോ അതോ സബ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ആയിരുന്നോ നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly